**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5188** **21-07-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിൽ വൊർക്കാടി പഞ്ചായത്തിലെ കൃഷി വിജ്ഞാന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ വൊർക്കാടി പഞ്ചായത്തിലെ കൃഷി വിജ്ഞാനകേന്ദ്രത്തിൽ നിന്നും നിലവിൽ കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ; | (എ) | കാസർകോഡ് ജില്ലയിലെ വൊർക്കാടി പഞ്ചായത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ കൃഷി വിജ്ഞാന കേന്ദ്രം നിലവിലില്ല. എന്നാൽ ടി പഞ്ചായത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ ഒരു എക്സ്റ്റെൻഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്.<br><br>ഈ കേന്ദ്രത്തിൽ നിന്നും കർഷകർക്ക് ലഭ്യമാക്കി കൊണ്ടിരിക്കുന്ന സേവനങ്ങൾ താഴെപ്പറയുന്നവയാണ്. വിവിധ കാർഷിക വിഷയങ്ങളിലെ പരിശീലന പരിപാടികൾ, വിത്തുകളുടെയും, തൈകളുടെയും വിതരണം, കൃഷിയുമായി ബന്ധപ്പെട്ട കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കൽ, വിദഗ്ധ അഭിപ്രായം നൽകൽ തുടങ്ങിയവ. 2016 മുതൽ ഏകദേശം 15,000 ത്തോളം കർഷകർക്ക് സേവനം നൽകാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരാണുള്ളത് ; സ്ഥിരം ജീവനക്കാർ എത്രയാണെന്നും അവരുടെ തസ്തിക, ശമ്പളം എന്നീ വിവരങ്ങളും ലഭ്യമാക്കുമോ ; | (ബി) | പ്രസ്തുത സ്ഥാപനത്തിൽ മൊത്തം 1 അദ്ധ്യാപകൻ, 2 ഓഫീസ് ജീവനക്കാർ, 1 സ്ഥിരം തൊഴിലാളി എന്നിങ്ങനെ 4 സ്ഥിരം ജീവനക്കാരുണ്ട്. സ്ഥിരം ജീവനക്കാരുടെ വിശദാംശങ്ങൾ **അനുബന്ധം - I** ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത സ്ഥാപനത്തിലെ താൽക്കാലിക ജീവനക്കാരുടെ പേരുവിവരങ്ങൾ, തസ്തിക, ശമ്പളം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ ; താൽക്കാലിക ജീവനക്കാരെ ഏത് രീതിയിലാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ ; ഇവരുടെ നിയമന കാലാവധി എന്നുവരെയാണെന്ന് വിശദമാക്കുമോ ; | (സി) | നിലവിൽ മഞ്ചേശ്വരം എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിൽ ഉള്ള 13 താത്ക്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ **അനുബന്ധം-II** ആയി ചേർക്കുന്നു.<br><br>ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഇന്റർവ്യൂ നടത്തിയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരെ ക്വട്ടേഷൻ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് അവരുടെ പ്രായോഗിക ശേഷി |

| | | | |
|---|---|---|---|
| | | | പരീക്ഷയും അഭിമുഖവും നടത്തിയാണ് തിരഞ്ഞെടുത്തത്. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ കാലാവധി തുടർച്ചയായ 59 ദിവസവും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ കാലാവധി 6 മാസം/ഒരു വർഷം ആണ്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; | (ഡി) | മഞ്ചേശ്വരം എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിൽ എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ച് മുഖേന താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത സ്ഥാപനത്തിന് വാഹനം ഉണ്ടോ ; എങ്കിൽ വാഹനത്തിന്റെ തരം, മോഡൽ എന്നിവ വ്യക്തമാക്കുമോ; നിലവിൽ ഈ വാഹനം പ്രവർത്തനക്ഷമതയുള്ളതാണോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത വാഹനം 2021 ജനുവരി മുതൽ 2022 ജൂൺ 30 വരെ എത്ര കിലോമീറ്റർ ഓടിയിട്ടുണ്ടെന്ന് മാസം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; | (ഇ) | ഉണ്ട്. അംബാസഡർ കാർ, 2000 DSL (2007 model). നിലവിൽ വാഹനം പ്രവർത്തന ക്ഷമത ഉള്ളതാണ്. പുതിയ വാഹനം വാങ്ങുന്നതിന് സർക്കാരിന്റെ നിയന്ത്രണം നിലവിലുണ്ട്. പ്രസ്തുത വാഹനം 2021 ജനുവരി മുതൽ 2022 ജൂൺ 30 വരെ എത്ര കിലോമീറ്റർ ഓടിയിട്ടുണ്ടെന്ന് മാസം തിരിച്ചുള്ള കണക്ക് **അനുബന്ധം - III** ആയി ചേർക്കുന്നു. |
| (എഫ്) | പ്രസ്തുത സ്ഥാപനത്തിലെ ഡ്രൈവറുടെ നിയമനം ഏത് രീതിയിലാണെന്നും നിയമന കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കുമോ ? | (എഫ്) | ഡ്രൈവറുടെ നിയമനം ദിവസ വേതനാടിസ്ഥാനത്തിലാണ്. നിയമന കാലാവധി 59 ദിവസത്തേക്കാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ

| തസ്തിക | അനുവദിച്ച തസ്തിക | ശമ്പള സ്കെയിൽ | പേര് |
|---|---|---|---|
| പ്രൊഫസർ & ഹെഡ് (എക്സ്റ്റൻഷൻ) യു.ജി.സി. | 1 | അക്കാഡമിക് ലെവൽ 14 | ഡോ. ശശികാന്ത് |
| അസിസ്റ്റന്റ് | 1 | 39300-83000 | ആർഷ മോഹൻ |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 1 | 27900-63700 | ആശ കെ.എം. |
| സ്ഥിരം തൊഴിലാളി | 1 | 16500-35700 | രാജു കെ. |

സെക്ഷൻ ഓഫീസർ

അനുബന്ധം – II

## മഞ്ചേശ്വരം എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിൽ ഉള്ള താത്ക്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ

| പേര് | തസ്തിക | വേതനം |
|---|---|---|
| ആഷിക ശശീന്ദ്രൻ | അസിസ്റ്റന്റ് പ്രൊഫസർ | 1470/- |
| അരുൺ ജോസ് | അസിസ്റ്റന്റ് പ്രൊഫസർ | 1470/- |
| ഷമ്മാസ് വി | ഫാം ഓഫീസർ ഗ്രേഡ് II | 765/- |
| ഖാലിദ് | എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II | 730/- |
| രാഘവ് | സ്കിൽഡ് അസിസ്റ്റന്റ് | 630/- |
| രവീന്ദ്രൻ ടി.കെ. | സ്കിൽഡ് വർക്കർ | 700/- |
| ശിവൻ വി. | സ്കിൽഡ് വർക്കർ | 700/- |
| വാമന എം. | കരാർ തൊഴിലാളി | 550/- |
| ശാന്താറാം | കരാർ തൊഴിലാളി | 550/- |
| ഗോപാല | കരാർ തൊഴിലാളി | 550/- |
| കല്യാണി | കരാർ തൊഴിലാളി | 220/- |
| സദാനന്ദ നായിക് | സെക്യൂരിറ്റി ഗാർഡ് കം ഗാർഡനർ | 600/- |
| കാസർഗോഡ് ഡിസ്ട്രിക്ട് വർക്കേഴ്സ് വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റി | നൈറ്റ് വാച്ച് മാൻ | 550/- |

സെക്ഷൻ ഓഫീസർ

അനുബന്ധം - III

**2000 DSL (2007 model) അംബാസഡർ കാർ, 2021 ജനുവരി മുതൽ 2022 ജൂൺ 30 വരെ മാസം തിരിച്ചുള്ള ഓടിയ കണക്ക്**

| മാസം | ദൂരം(km) |
|---|---|
| **2021** | |
| ജനുവരി | 984 |
| ഫെബ്രുവരി | 189 |
| മാർച്ച് | 1139 |
| ഏപ്രിൽ | 528 |
| മേയ് | 94 |
| ജൂൺ | 182 |
| ജൂലായ് | 418 |
| ആഗസ്റ്റ് | 168 |
| സെപ്റ്റംബർ | 688 |
| ഒക്ടോബർ | 168 |
| നവംബർ | 218 |
| ഡിസംബർ | 447 |
| **2022** | |
| ജനുവരി | 375 |
| ഫെബ്രുവരി | 161 |
| മാർച്ച് | 468 |
| ഏപ്രിൽ | 415 |
| മേയ് | 555 |
| ജൂൺ | 485 |
| **ആകെ** | **7682** |

സെക്ഷൻ ഓഫീസർ